പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1599 — 5.12.2014-ൽ മറുപടിക്ക്

## മിഷൻ 676- ക്ലീൻ കേരള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി പി സജീന്ദ്രൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എം.പി.വിൻസെന്റ് | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | മിഷൻ 676-ൽ ഉൾപ്പെടുത്തി ക്ലീൻ കേരള പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള ക്ലീൻ കേരള പദ്ധതികൾ ചുവടെ ചേർക്കുന്നു:-<br>1. സംസ്ഥാനത്തെ 5 കോർപ്പറേഷനുകളിലും, 60 മുനിസിപ്പാലിറ്റികളിലും ഉത്ഭവിക്കപ്പെടുന്നതും, നിരത്തുകളിലും മററും ചിതറിക്കിടക്കുന്നതുമായ മോശം പ്ലാസ്റ്റിക്കുകൾ കഴുകി വൃത്തിയാക്കി പൊടിച്ച് ബേൽ ചെയ്തു പുന:ചംക്രമണത്തിനുള്ള സംവിധാനം ഒരുക്കുന്ന പദ്ധതി.<br>2. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്റെഡിംഗ് മെഷീനുകൾ ഉപയോഗിച്ച് ചിപ്പുകളാക്കി മാറ്റി ഇവ ഉപയോഗിച്ച് പൊതുമരാമത്തു വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ റോഡുകളുടെ ടാറിംഗ്.<br>3. ഇ-മാലിന്യങ്ങൾ ശേഖരിച്ചു കേന്ദ്ര സംസ്ഥാനമലിനീകരണ നിയന്ത്രണ ബോർഡുകളുടെ സാക്ഷിപത്രമുള്ള റീ-സൈക്ക്ളിംഗ് ഏജൻസികളിലൂടെ നിർമ്മാർജ്ജനം ചെയ്യുന്ന പദ്ധതി.<br>4. പ്രതിദിനം 50 ടൺ വരെ മാലിന്യം ഉണ്ടാകുന്ന നഗരങ്ങളിൽ CNG Bottling Plant-കൾ സ്ഥാപിക്കുന്ന പദ്ധതി.<br>5. എല്ലാ ജില്ലകളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി.<br>6. മാലിന്യസംസ്കരണത്തിന് നൂതന സാങ്കേതിക വിദ്യയായ പ്ലാസ്മാ ഗ്യാസിഫിക്കേഷൻ ഉപയോഗിച്ചുള്ള പ്ലാന്റ് കൊച്ചിയിൽ സ്ഥാപിക്കുന്ന പദ്ധതി. |
| സി) | പ്രസ്തുത പദ്ധതികൾ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | സി) | 1. പ്ലാസ്റ്റിക് പ്രോസസ്സിംഗ് പ്ലാന്റുകൾ സ്ഥാപിക്കുവാനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. സംസ്ഥാനത്തെ ഈ രീതിയിലുള്ള ആദ്യത്തെ പ്ലാന്റ് കൊച്ചിയിൽ സ്ഥാപിക്കുവാനുള്ള നടപടികൾ |

അന്തിമഘട്ടത്തിലാണ്. വൈദ്യുതി ലഭിക്കുന്ന മുറയ്ക്ക് ടി പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

2. പിഡബ്ല്യുഡി-യുമായി ചേർന്നു 2 കിലോമീറ്റർ റോഡ് ടാറിംഗ് പൂർത്തീകരിച്ചു.
3. ഇ-മാലിന്യശേഖരണ പദ്ധതിയുടെ ടെണ്ടർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും, ഒക്ടോബർ 5-ാം തീയതി പദ്ധതി ആരംഭിക്കുകയും കേരളത്തിലെ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നു ഇ-മാലിന്യങ്ങൾ ശേഖരിച്ചു തുടങ്ങുകയും ചെയ്തിട്ടുണ്ട്.
4. CNG Bottling Plant-കൾ സ്ഥാപിക്കുന്നതിനായുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു.
5. എല്ലാ ജില്ലകളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് ടെണ്ടർ ക്ഷണിക്കുകയും കൊച്ചി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഒരു അംഗീകൃത ഏജൻസിയുമായി ധാരണയിലെത്തുകയും ചെയ്തിട്ടുണ്ട്.
6. മാലിന്യസംസ്കരണത്തിനായി കൊച്ചിയിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുന്ന പ്ലാന്റിനു വേണ്ടിയുള്ള രൂപരേഖ പ്രസ്തുത പദ്ധതിയുടെ ട്രാൻസാക്ഷൻ അഡ്വൈസർ ആയ KITCO തയ്യാറാക്കി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

ഡി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഡി) പദ്ധതികളുടെ നിലവിലെ അവസ്ഥ പ്രതിമാസം അവലോകനം ചെയ്തു ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ